**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **28-06-2022 - ൽ മറുപടിയ്ക്ക്**

**വാഴൂർ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാഴൂർ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുത്ത തീയതി, പദ്ധതിക്ക് അനുമതി നൽകിയ തീയതി തുടങ്ങിയ വിശദാംശം ലഭ്യമാക്കാമോ; | (എ) | ടി പദ്ധതിയ്ക്കായി ഏറ്റെടുത്ത സ്ഥലത്തുള്ള അധിക മണ്ണ് നീക്കം ചെയ്യുവാനുള്ള പ്രവൃത്തി പൂർത്തിയായി. തുടർന്നുള്ള ജോലികൾക്കായുള്ള ദർഘാസുകൾ ക്ഷണിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 03.08.2021-ൽ സ്ഥലം ഏറ്റെടുത്തു. പദ്ധതിയുടെ പുനർ അനുമതി 02.04.2022 ന് ലഭിച്ചു. |
| (ബി) | സ്ഥലമേറ്റെടുത്തിട്ടും നാളിതുവരെയായി പദ്ധതി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പദ്ധതിയുടെ പൂർത്തീകരണത്തിന് ചുമതലപ്പെട്ടത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏത് വിഭാഗമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. TC സബ് ഡിവിഷൻ, പൂവൻതുരുത്ത് ആണ് ഇതിന്റെ പൂർത്തീകരണത്തിന് ചുമതലപ്പെട്ടത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള ചെലവ് എത്രയെന്നും ആയത് എന്നത്തേക്ക് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ? | (സി) | ടി പദ്ധതിയ്ക്കായി 15.2 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 31.03.2023-ൽ പൂർത്തിയാക്കാനാണ് ബോർഡ് ഉദ്ദേശിക്കു ന്നത്. |

സെക്ഷൻ ഓഫീസർ